LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് മേഖലയിലെ അണ്ടർഗ്രൗണ്ട് കേബിളിംഗ്

55 (400) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മേഖലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് അണ്ടർഗ്രൗണ്ട് കേബിളിംഗ് പ്രവർത്തനം നടന്നുവരുന്നത് ; എത്ര കിലോമീറ്റർ ദൂരത്തിൽ എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത പ്രവൃത്തി നടത്തുന്നത് ;

(ബി) കാസർഗോഡ് വിദ്യാനഗർ സബ്സ്റ്റേഷനിൽനിന്ന് പുതിയതായി നിർമ്മിച്ചുവരുന്ന കാസർഗോഡ് മുൻസിപ്പാലിറ്റിയിൽപ്പെട്ട കേളുഗുട്ട സബ്സ്റ്റേഷനിൽ അണ്ടർ ഗ്രൗണ്ട് കേബിളിംഗ് നടത്തിവരുന്നുണ്ടോ ;

(സി) എത്ര കിലോമീറ്റർ ദൂരമാണ് പ്രസ്തുത പ്രവൃത്തി ചെയ്യുന്നത് ; ഈ രണ്ട് സബ്സ്റ്റേഷനും തമ്മിലുള്ള ദൂരം എത്ര ?

ഉത്തരം

(എ)

(i) കാഞ്ഞങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും കാഞ്ഞങ്ങാട് ഠൗൺ 33 കെ.വി. സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിനായി 4.145 കി.മീ. 33 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ഇതിലേയ്ക്കായി 243.26 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്.

(ii) കാസർഗോഡ് 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും കാസർഗോഡ് ഠൗൺ 33 കെ.വി. സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിനായി 2 കി.മീ. 33 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിലേയ്ക്കായി 105.64 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കാസർഗോഡ് 110 കെ.വി. സബ്സ്റ്റേഷനും (വിദ്യാനഗർ) കാസർഗോഡ് ഠൗൺ 33 കെ.വി. സബ്സ്റ്റേഷനും (കേളുഗുട്ട) ഇടയിൽ 2 കി.മീ. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നു. ഇവ തമ്മിൽ 5 കി.മീ. ദൂരമുണ്ട്.

കാസർഗോഡ് ജില്ലയിലെ പുതിയ സെക്ഷൻ ഓഫീസുകൾ

56 (401) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ ; എല്ലാ ഓഫീസുകളിലും പുതുതായി തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പുതിയ സെക്ഷൻ ഓഫീസുകളിൽ അനുവദിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2 പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പെർള, പടന്നക്കാട് എന്നിവയാണ് പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകൾ. എല്ലാ ഓഫീസുകളിലും ഓവർസിയർ, ലൈൻമാൻ, വർക്കർ, സബ് എഞ്ചിനീയർ എന്നീ തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവനം പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് പണിയുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കോഴിക്കോട് തലക്കുളത്തൂർ പഞ്ചായത്തിലെ വൈദ്യുത പദ്ധതികൾ

57 (402) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള സ്ഥലത്ത് വൈദ്യുതി വകുപ്പിന്റെ എന്തെങ്കിലും പദ്ധതികൾ ആരംഭിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly